# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3625 11/11/2019- ൽ മറുപടി നൽകേണ്ടത്

## സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപരമായ സ്ഥിതിവിവരകണക്കുകൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. ഒ.രാജഗോപാൽ | | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപരമായ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മേൽപ്പറഞ്ഞ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ മതവിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ള ആനുകൂല്യം എപ്രകാരമാണ്; | (ബി) | വിവിധ മതവിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ള ആനുകൂല്യം സംബന്ധിച്ച വിവരം ശേഖരിച്ചിട്ടില്ല. |
| (സി) | സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചിട്ടില്ലായെങ്കിൽ അപ്രകാരമുള്ള ഒരു വിവര ശേഖരണത്തിന് സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സമൂഹ പുരോഗതിയുക്തമാക്കുന്ന പദ്ധതികളുടെ ആസൂത്രണത്തിനും അവയുടെ പുരോഗതി വിലയിരുത്തുന്നതിനും വിവിധ റൗണ്ടുകളിലായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് നാഷണൽ സാമ്പിൾ സർവേ നടത്തി വരുന്നു. ഇതുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായിട്ടുള്ള ഏറ്റവും പുതിയ റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റൗണ്ട് | വർഷം | വിഷയം |
|---|---|---|
| 67 | 2010-2011 | അസംഘടിത മേഖലയിലെ കാർഷികേതര സംരംഭങ്ങൾ |
| 68 | 2011-2012 | തൊഴിൽ, തൊഴിലില്ലായ്മ & കുടുംബ ഉപഭോഗ ചെലവുകൾ |
| 69 | 2012 | കുടിവെള്ളം, ശുചിത്വം, പാർപ്പിട സ്ഥിതി |
| 70 | 2013 | കടബാധ്യതയും നിക്ഷേപവും, കൈവശ ഭൂമി, കന്നുകാലി സമ്പത്ത്, കാർഷിക കുടുംബങ്ങളുടെ അവസ്ഥ |
| 71 | 2014 | വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം |
| 72 | 2015 | ഡൊമസ്റ്റിക് ടൂറിസം |

റിപ്പോർട്ടുകൾ വകുപ്പിന്റെ വെബ്സൈറ്റ് (www.ecostat.kerala.gov.in) – ൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ